# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : അസ്സീസി സ്കൂൾ ഫോർ ദ ഡഫ്
2. വിലാസം : ഈസ്റ്റ് വാഴപ്പിള്ളി P.O, മൂവാറ്റുപുഴ.
3. റവന്യൂ ജില്ല : എറണാകുളം
4. പിൻ കോഡ് : 686673
5. ഫോൺ നമ്പർ : 0485 - 2835860
6. മൊബൈൽ നമ്പർ : 7356921890
7. സ്കൂൾ കോഡ് : 28029
8. വിദ്യാഭ്യാസ ജില്ല : മൂവാറ്റുപുഴ
9. ഉപജില്ല : മൂവാറ്റുപുഴ
10. ബി. ആർ. സി : മൂവാറ്റുപുഴ
11. സി. ആർ. സി : വാഴപ്പിള്ളി
12. ഗ്രാമപഞ്ചായത്ത് : പായിപ്ര
13. ബ്ലോക്ക് പഞ്ചായത്ത് : മൂവാറ്റുപുഴ
14. ജില്ലാ പഞ്ചായത്ത് : എറണാകുളം
15. നിയമസഭാ മണ്ഡലം : മൂവാറ്റുപുഴ
16. ലോകസഭാ മണ്ഡലം : ഇടുക്കി
17. താലൂക്ക് : മൂവാറ്റുപുഴ
18. വില്ലേജ് : മുളവൂർ
19. ബിൽഡിംഗ് നമ്പർ : 439
20. S.S.K A/C നമ്പർ : 071410167260
21. PTA A/c നമ്പർ : 0132053000032975
22. D.D.O : H.M

(സി. ഷൈനി A. കമ്പൂരുത്തൽ)

## ആമുഖം

മൂവാറ്റുപുഴ ഈസ്റ്റ് വാഴപ്പിള്ളി എന്ന കൊച്ചു ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് തലയെടുപ്പോടെ നിൽക്കുന്ന അസ്സീസി സ്കൂൾ ഫോർ ദ ഡഫ് ഇന്ന് കേരളമൊട്ടാകെ അറിയപ്പെടുന്ന ബധിരവിദ്യാലയങ്ങളിൽ ഒന്നാണ്. ചരിത്രം ഉറങ്ങുന്ന പോയാലിമലയുടെ സമീപത്തായി ഇത് സ്ഥിതി ചെയ്യുന്നു. ശ്രവണപരിമിതരായ അനേകം മക്കൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകുന്ന ഈ വിദ്യാലയത്തോട് ചേർന്ന് മനോഹരമായ സെന്റ്. മാക്സിമില്യൻ കോൾബെ ദേവാലയം തൊട്ടുരുമ്മി നിൽക്കുന്നു. ശാന്തസുന്ദരവും, പ്രകൃതി രമണീയവുമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്.

## ലക്ഷ്യങ്ങൾ

> നഴ്സറി മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസിലും പാഠ്യപദ്ധതിക്കനുസൃതമായി വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

> ഓരോ കുട്ടിയുടെ പരിമിതികളും കഴിവുകളും മനസിലാക്കി പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക.

> കുട്ടികളിലെ ഭാഷാശേഷിയും സർഗാത്മകതയും വളർത്തുന്ന പ്രവർത്തനങ്ങൾ സജ്ജീകരിക്കുക.

> കുട്ടികൾക്ക് അവരുടെ പഠനപാഠ്യേതര മേഖലകളിൽ വളരുവാൻ ആവശ്യമായ അവസരങ്ങൾ ഒരുക്കുക.

# ജൂൺ മാസ പ്രവർത്തനങ്ങൾ

## പ്രവേശനോത്സവം

ലക്ഷ്യം :-

2025 - 26 അധ്യായന വർഷത്തിൽ അസ്സീസിയുടെ അക്ഷരമുറ്റത്തേയ്ക്ക് കടന്നുവരുന്ന എല്ലാ കുട്ടികൾക്കും ആഹ്ലാദനിർഭരമായ പഠനാന്തരീക്ഷം ഒരുക്കുക.

> പൊതുസമ്മേളനം
> പ്രവേശനഗാനം
> കുട്ടികളെ സ്വാഗതം ചെയ്യൽ
> ക്ലാസ്മുറികളുടെ ആകർഷകമായ സജ്ജീകരണം
> നവാഗതർക്കുള്ള പഠനോപകരണവിതരണം.

ചുമതല :- ടീച്ചേഴ്സ്.

## വിജയോത്സവം

ലക്ഷ്യം :-

2024 - 25 അധ്യായന വർഷത്തിൽ, SSLC പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികളെ ആദരിക്കുക.

> പൊതുസമ്മേളനം
> SSLC പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കുള്ള സമ്മാനവിതരണം.

ചുമതല :- ടീച്ചേഴ്സ്.

## പരിസ്ഥിതി ദിനാചരണം

ലക്ഷ്യം :-

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുക, വനങ്ങൾ സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കുക, നല്ല കാലാവസ്ഥ ഉറപ്പാക്കുക, മലിനീകരണം തടയുക.

പ്രവർത്തനങ്ങൾ :-

> പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട്, പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ട് സ്കിറ്റ് അവതരണം.

> പോസ്റ്റർ നിർമ്മാണം

> ചിത്രരചന മത്സരം

> പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി സന്ദേശം പങ്കുവയ്ക്കൽ.

ചുമതല :- ടീച്ചേഴ്സ്.

## നല്ല പാഠം - അവബോധ ക്ലാസുകൾ

ലക്ഷ്യം :-

സമഗ്ര ഗുണമേന്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ അവബോധ ക്ലാസുകളും, മൂല്യബോധവും കുട്ടികൾക്ക് പകർന്നുനൽകുക.

പ്രവർത്തനങ്ങൾ

> ജൂൺ 2 മുതൽ 13 വരെ വ്യത്യസ്ത വിഷയങ്ങളിൽ മൂല്യവബോധ ക്ലാസുകൾ നടത്തുക

→ June 3 – മയക്കുമരുന്ന്, ലഹരി

→ June 4 – ട്രാഫിക് നിയമങ്ങൾ

→ June 5 – വ്യക്തിശുചിത്വം, പരിസരശുചിത്വം

→ June 9 – ആരോഗ്യം, കായിക ക്ഷമത

→ June 10 – ഡിജിറ്റൽ അച്ചടക്കം

→ June 11 – പൊതുമുതൽ സംരക്ഷണം

→ June 12 – പരസ്പരസഹകരണം, റാഗിങ്.

→ June 13 – പൊതു ക്രോഡീകരണം.

> വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ചർച്ചകൾ

> അനുഭവങ്ങൾ പങ്കുവയ്ക്കൽ

> ക്ലാസെടുത്ത വിഷയങ്ങൾ പ്രായോഗികമാക്കുവാനുള്ള പ്രചോദനം.

ചുമതല :- ടീച്ചേഴ്സ്.

## വായനാദിനാചരണം

ലക്ഷ്യം :-

- കുട്ടികളിൽ വായനാശീലം വളർത്തുക.
- അക്ഷരസ്ഫുടതയോടെ വായിക്കുന്നതിനും, ആശയങ്ങൾ സ്വയം ഗ്രഹിക്കുന്നതിനും സഹായിക്കുക.

## പ്രവർത്തനങ്ങൾ

> P. N പണിക്കരുടെ ജീവചരിത്രം പരിചയപ്പെടുത്തൽ

> ലൈബ്രറി പുസ്തകവിതരണം

> പോസ്റ്റർ നിർമ്മാണം

> പദകേളി

> അക്ഷരകേളി

> പദനിർമ്മാണം

> P. N പണിക്കർ - പ്രച്ഛന്ന വേഷം

ചുമതല :- ടീച്ചേഴ്സ് , കുട്ടികൾ

## യോഗാദിനം

ലക്ഷ്യം :-

> ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുക.

> മെച്ചപ്പെട്ട ജീവിതശൈലി ക്രമീകരിക്കുക.

> അച്ചടക്കം രൂപപ്പെടുത്തുക

> ഏകാഗ്രത വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

> യോഗാ പരിശീലനം

> എയ്റോബിക് ഡാൻസ് പരിശീലനം

ചുമതല :- പി. ടി ടീച്ചർ

## മയക്കുമരുന്ന് വിരുദ്ധദിനം

ലക്ഷ്യം :-

> മയക്കുമരുന്നിന്റെ വിപത്തുകളെപ്പറ്റി ധാരണ നൽകുക.

> മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം തടയുക.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്

> പോസ്റ്റർ നിർമ്മാണം

ചുമതല :- ടീച്ചേഴ്സ് , കുട്ടികൾ

## മാസപരീക്ഷ

ലക്ഷ്യം :-

> പഠനനിലവാരം വിലയിരുത്തുക.

> പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നു.

പ്രവർത്തനങ്ങൾ

> ക്ലാസ് ടെസ്റ്റ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു.

> Individualised Instruction

> Remedial Teaching for slow learners.

ചുമതല :- ടീച്ചേഴ്സ്

# ജൂലൈ - മാസപ്രവർത്തനങ്ങൾ

## പ്ലാസ്റ്റിക് സർജറി ദിനം

ലക്ഷ്യം :-

പ്ലാസ്റ്റിക് സർജറിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, അതിന്റെ ആവശ്യകത തുടങ്ങിയവ കുട്ടികൾ മനസ്സിലാക്കുന്നതിന്.

പ്രവർത്തനങ്ങൾ :-

> ബോധവത്കരണ ക്ലാസ്
> ഗ്രൂപ്പ് ചർച്ച

ചുമതല :- ടീച്ചേഴ്സ്.

## ചാന്ദ്രദിനം

ലക്ഷ്യം :-

> ഭൂമിയുടെ ഏക ഉപഗ്രഹമായ ചന്ദ്രനെപറ്റി കൂടുതൽ അറിയുന്നതിന്
> ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ വ്യക്തികളെ മനസിലാക്കുന്നതിന്

പ്രവർത്തനങ്ങൾ

> ചാന്ദ്രദിന ക്വിസ്
> Video clip പ്രദർശനം

> ചന്ദ്രദിനവുമായി ബന്ധപ്പെട്ട് കൊളാഷ് നിർമ്മാണം.

ചുമതല : ടീച്ചേഴ്സ്.

## അന്താരാഷ്ട്ര നീതി ദിനാചരണം

ലക്ഷ്യം :

> തുല്യനീതി, തുല്യത തുടങ്ങിയ അടിസ്ഥാന ഭരണഘടന മൂല്യങ്ങളെപ്പറ്റി ധാരണ നേടുന്നു

> നീതി നിഷേധിക്കപ്പെടുന്നവർക്കുവേണ്ടി ശബ്ദം ഉയർത്തുവാനും പോരാടുവാനും അവകാശങ്ങൾ സംരക്ഷിക്കുവാനും പ്രാപ്തി നേടുന്നു.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ സെമിനാർ

> റാലി

> പോസ്റ്റർ നിർമ്മാണം.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ.

## കാർഗിൽ ദിനം

ലക്ഷ്യം :-

ശത്രുസൈന്യത്തെ പ്രതിരോധിച്ച് കാർഗിലിൽ നമ്മുടെ അഭിമാനമായ ത്രിവർണ്ണപതാക നാട്ടി ഇന്ത്യൻ സൈന്യം വിജയം നേടിയ സുദിനത്തെ ഓർമ്മിക്കുന്നതിനും അതിർത്തികാക്കുന്ന സൈന്യത്തോട് ഉള്ള ആദരവും ബഹുമാനവും കുട്ടികളിൽ വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ

> കാർഗിൽ ദിനത്തിന്റെ പ്രസക്തി - സന്ദേശം പങ്കുവയ്ക്കൽ
> യുദ്ധവുമായി ബന്ധപ്പെട്ട് കൊളാഷ് നിർമ്മാണം.
> യുദ്ധത്തിന്റെ പരിണിതഫലങ്ങൾ ഉയർത്തിക്കാണിക്കുന്ന പോസ്റ്റർ നിർമാണം.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

മാസപരീക്ഷ

ലക്ഷ്യം :-

> പഠനനിലവാരം വിലയിരുത്തുക
> പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നു.

പ്രവർത്തനങ്ങൾ

> വിജയികൾക്ക് പ്രോത്സാഹനസമ്മാനം നൽകുന്നു.
> Individualised Instruction
> Remedial Teaching.

ചുമതല :- ടീച്ചേഴ്സ്

# ആഗസ്റ്റ് - മാസപ്രവർത്തനങ്ങൾ

## ഹിരോഷിമ - നാഗസാക്കി ദിനാചരണം

**ലക്ഷ്യം :-**

> യുദ്ധത്തിന്റെ ദുഷ്യവശങ്ങളെപ്പറ്റി മനസിലാക്കുന്നതിന്.
> ലോകസമാധാനത്തിന്റെ പ്രസക്തി മനസിലാക്കുന്നതിന്.
> മൂല്യാവബോധം കുട്ടികളിൽ ഉണ്ടാകുന്നതിന്.

**പ്രവർത്തനങ്ങൾ**

> യുദ്ധവിരുദ്ധ സന്ദേശം
> റാലി
> സഡാക്കോ കൊക്ക് നിർമാണം
> പോസ്റ്റർ നിർമ്മാണം

**ചുമതല :-** ടീച്ചേഴ്സ്, കുട്ടികൾ.

## സ്വാതന്ത്ര്യദിനം

**ലക്ഷ്യം :-**

> കുട്ടികളിൽ പൗരബോധം വളർത്തുന്നതിന്
> കുട്ടികളിൽ ദേശസ്നേഹവും , മൂല്യബോധവും വളർത്തുന്നതിന്.
> ഇന്ത്യയെക്കുറിച്ച് മനസിലാക്കുന്നതിന്

> സ്വാതന്ത്ര്യസമര സേനാനികളെ അനുസ്മരിക്കുന്നതിനും
അവരുടെ സേവനങ്ങൾ മനസിലാക്കുന്നതിനും.

പ്രവർത്തനങ്ങൾ

> പതാക ഉയർത്തൽ , സന്ദേശം നൽകൽ
> ചിത്രരചന
> പതാക നിർമാണം
> സ്വാതന്ത്ര്യദിന ക്വിസ്

ചുമതല :-
Social Science club & SS teacher.

കർഷകദിനം

ലക്ഷ്യം :-
> കൃഷിയുടെ പ്രസക്തി മനസിലാക്കുന്നതിന്
> വ്യത്യസ്ത കൃഷിരീതികളെ പറ്റി ധാരണ നേടുന്നതിന്
> കൃഷിയും കൃഷിയിടങ്ങളും അന്യംനിന്നു പോകുന്നത് മൂലമുണ്ടാകുന്ന ദുരവസ്ഥയെപ്പറ്റി ധാരണ നേടുന്നു.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്
> കൃഷിസ്ഥല സന്ദർശനം
> പോസ്റ്റർ നിർമാണം

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

## ശ്രീനാരായണഗുരു ജയന്തി

**ലക്ഷ്യം :-**

> ശ്രീനാരായണഗുരുവിനെ പറ്റി കൂടുതൽ ധാരണ നേടുന്നതിന്

> നവോത്ഥാനത്തെ കുറിച്ച് മനസിലാക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

> ഡോക്യുമെന്ററി നിരീക്ഷണം

> ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട് ചിത്രശേഖരണം.

**ചുമതല :-** ടീച്ചേഴ്സ്

## ഓണപരീക്ഷ

**ലക്ഷ്യം :-**

> കുട്ടികളുടെ പഠനനിലവാരം മനസിലാക്കുന്നതിന്

> ആവശ്യമായ മാറ്റങ്ങൾ പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ**

> പരീക്ഷ നടത്തി വിലയിരുത്തുന്നു

> പഠന- ബോധന പ്രക്രിയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു

**ചുമതല :-** ടീച്ചേഴ്സ്

# സെപ്റ്റംബർ മാസ പ്രവർത്തനങ്ങൾ

## അധ്യാപകദിനം

ലക്ഷ്യം :-

> അധ്യാപകരുടെ സാമൂഹിക പ്രതിബദ്ധത ഉയർത്തുക

> അധ്യാപകരുടെ കഴിവും സമയവും കുട്ടികളുടെ ഉന്നമനത്തിനായി ഉപയോഗിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

പ്രവർത്തനങ്ങൾ

> അധ്യാപകരെ ആദരിക്കൽ

> അധ്യാപകദിന സന്ദേശം

> അധ്യാപകരുടെ കൾച്ചറൽ പ്രോഗ്രാം.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ, PTA

## സ്കൂൾ ഓണാഘോഷം

ലക്ഷ്യം :-

> കുട്ടികളിൽ ജാതിമതഭേദമന്യേ ഒരുമ ഉളവാക്കുക.

> സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും അവസരങ്ങൾ പങ്കുവയ്ക്കുക.

പ്രവർത്തനങ്ങൾ

> തിരുവാതിര
> ഓണപ്പൂക്കളം
> ഓണക്കളികൾ

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

## ഓസോൺ ദിനാചരണം

ലക്ഷ്യം :-

> ഓസോൺ പാളിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ പറ്റി മനസിലാക്കുന്നു.
> ഓസോൺ പാളിയുടെ ശോഷണത്തെ കുറിച്ച് ധാരണ നേടുന്നു

പ്രവർത്തനങ്ങൾ

> പോസ്റ്റർ നിർമ്മാണം
> അവബോധ ക്ലാസ്
> ക്വിസ് മത്സരം

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ.

## ലോകബധിര ദിനാചരണം

ലക്ഷ്യം :-

> ISL കൂടുതൽ പരിചയപ്പെടുത്തുന്നു
> ബധിരരുടെ പ്രശ്നങ്ങളെക്കുറിച്ച് ധാരണ നേടുന്നു
> അവസരങ്ങൾ വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

> സന്ദേശം നൽകുന്നു
> വിവിധ കലാ - കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
> ISL അടിസ്ഥാനമാക്കി പുതിയ പദങ്ങൾ പഠിപ്പിക്കുന്നു.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ, മാതാപിതാക്കൾ

## സ്പോർട്സ് ദിനം

ലക്ഷ്യം :-

> കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുക.
> ശാരീരിക - മാനസിക ആരോഗ്യം വളർത്തുക.

പ്രവർത്തനങ്ങൾ

> വിവിധതരം മത്സരങ്ങൾ
> സന്ദേശം നൽകൽ
> സമ്മാനവിതരണം

ചുമതല :- ടീച്ചേഴ്സ്.

## മാസപരീക്ഷ

ലക്ഷ്യം :-

> പഠനനിലവാരം മെച്ചപ്പെടുത്തുക
> ആവശ്യമായ പിന്തുണ നൽകുക.

പ്രവർത്തനങ്ങൾ

> വിജയികളെ പ്രോത്സാഹിപ്പിക്കുക
> Remedial teaching

> Individualised instruction.

<u>ഉദാഹരണം</u> :- ട്യൂഷൻസ്

# ഒക്ടോബർ - മാസപ്രവർത്തനങ്ങൾ

## ഗാന്ധി ജയന്തി - സേവനദിനം

ലക്ഷ്യം :-

> തൊഴിലിന്റെ മാഹാത്മ്യം മനസിലാക്കുക
> പരിസര ശുചീകരണം, വ്യക്തി ശുചിത്വം എന്നിവ ഉറപ്പുവരുത്തുക.

പ്രവർത്തനങ്ങൾ

> സ്കൂൾ പരിസരം വൃത്തിയാക്കുന്നു.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

## ദേശീയ തപാൽ ദിനം

ലക്ഷ്യം :-

> തപാൽ സംവിധാനത്തെക്കുറിച്ച് ധാരണ നേടുന്നു.

പ്രവർത്തനങ്ങൾ

> പോസ്റ്റ് ഓഫീസ് സന്ദർശനം.
> സ്റ്റാമ്പ് ശേഖരണം
> കത്തെഴുത്ത് മത്സരം

ചുമതല :- ടീച്ചേഴ്സ്.

## ദുരന്തനിവാരണ ദിനം

ലക്ഷ്യം :-

> വിവിധ പ്രകൃതിദുരന്തങ്ങളെപറ്റി മനസിലാക്കുന്നു

> ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അതിനാവശ്യമായ മുന്നൊരുക്കങ്ങളെപറ്റി മനസിലാക്കുന്നു.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്

> കൊളാഷ് നിർമ്മാണം - പ്രകൃതിദുരന്തങ്ങൾ

> പ്രഥമശുശ്രൂഷ പരിശീലനം.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ, മാതാപിതാക്കൾ.

## ലോകഭക്ഷ്യദിനം

ലക്ഷ്യം :-

> വിവിധ ഭക്ഷ്യവസ്തുക്കളെപറ്റി പരിചയപ്പെടുന്നു.

> ഭക്ഷണം സ്വയം പാകം ചെയ്യുവാനുള്ള പ്രാപ്തി നേടുന്നു.

പ്രവർത്തനങ്ങൾ

> ഭക്ഷ്യമേള

> ഭക്ഷ്യവസ്തുക്കളെ പരിചയപ്പെടുന്നു.

ചുമതല : ടീച്ചേഴ്സ്.

## മാസപരിക

ലക്ഷ്യം :-

> കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

- വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാനം നൽകുന്നു.
- Remedial Teaching.

**ചുമതല** :- ടീച്ചേഴ്സ്.

# നവംബർ മാസ പ്രവർത്തനങ്ങൾ

## കേരളപ്പിറവി ദിനാഘോഷം

ലക്ഷ്യം :-

> കേരളത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു.

> കേരളത്തിന്റെ അടിസ്ഥാന വിവരങ്ങൾ നേടുന്നു.

പ്രവർത്തനങ്ങൾ

> ദിനാചരണ സന്ദേശം

> കേരളപ്പിറവി പതിപ്പ്

> കേരളത്തെ പരിചയപ്പെടുത്തൽ

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

## ദേശീയ പക്ഷി നിരീക്ഷണ ദിനം

ലക്ഷ്യം :-

> മറ്റ് ജീവജാലങ്ങളെ കൂടി ഭൂമിയുടെ ഭാഗമായി കാണണമെന്ന് മനസിലാക്കുന്നു.

> വിവിധതരം പക്ഷികളെ കണ്ടെത്തി നിരീക്ഷിക്കുന

പ്രവർത്തനങ്ങൾ

> പക്ഷികളുടെ വിവരണം

> പക്ഷിനിരീക്ഷണം

ചുമതല : ടീച്ചേഴ്സ്

## ശിശുദിനാഘോഷം

ലക്ഷ്യം :-

> കുട്ടികളുടെ അവകാശങ്ങളും കടമകളും തിരിച്ചറിയുന്നതിന് .

> കുട്ടികളിൽ മൂല്യബോധം വളർത്തിയെടുക്കുക.

പ്രവർത്തനങ്ങൾ

> ശിശുദിനറാലി

> ആശംസ കാർഡ് നിർമ്മാണം

> ചിത്രരചനാമത്സരം

> കുട്ടികളുടെ കലാപരിപാടികൾ

ചുമതല :- ടീച്ചേഴ്സ്

## ദേശീയഭരണഘടന ദിനം

ലക്ഷ്യം :-

> ഇന്ത്യൻ ഭരണഘടനയെ പറ്റി മനസിലാക്കുന്നു.

> ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട് മൂല്യാവബോധം ഉളവാക്കുക.

പ്രവർത്തനങ്ങൾ

> സന്ദേശം

> ക്വിസ് മത്സരം

ചുമതല :- ടീച്ചേഴ്സ്.

## മാസപരീക്ഷ

<u>ലക്ഷ്യം</u> :-

> പഠനനിലവാരം വിലയിരുത്തുന്നു.

<u>പ്രവർത്തനങ്ങൾ</u>

> പ്രോത്സാഹന സമ്മാനം

> Remedial Teaching

# ഡിസംബർ - മാസപ്രവർത്തനങ്ങൾ

## ലോക AIDS ദിനം

ലക്ഷ്യം :-

> AIDS രോഗത്തിന്റെ കാരണങ്ങൾ മനസിലാക്കുന്നു.

> AIDS രോഗികളോട് പുലർത്തേണ്ട മനോഭാവം മനസിലാക്കുന്നു.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്

> പോസ്റ്റർ നിർമ്മാണം

ചുമതല :- ടീച്ചേഴ്സ്

## ലോകഭിന്നശേഷി ദിനം

ലക്ഷ്യം :-

> ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ബോധവൽക്കരണം നടത്തുക.

> ഭിന്നശേഷിക്കാരുടെ കഴിവുകൾ മനസിലാക്കുകയും പരിപോഷിപ്പിക്കുവാൻ ആവശ്യമായ അവസരങ്ങൾ സംഘടിപ്പിക്കുക.

> ഭിന്നശേഷിക്കാരുടെ നീതി ഉറപ്പുവരുത്തുക.

പ്രവർത്തനങ്ങൾ

> ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി കായിക മത്സരങ്ങൾ

> സമ്മാനവിതരണം

> കലാപരിപാടികൾ

ചുമതല :- ടീച്ചേഴ്സ്

## ക്രിസ്തുമസ് ആഘോഷം

ലക്ഷ്യം :-

> ജീവിതമൂല്യങ്ങളും മാനവികതയും വളർത്തുക

> ക്രിസ്തുമസ് ചൈതന്യം ഉൾക്കൊള്ളുക.

പ്രവർത്തനങ്ങൾ :-

> പുൽക്കൂട് നിർമ്മാണം

> മധുരം പങ്കുവയ്ക്കൽ

> കലാപരിപാടികൾ

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ.

# ജനുവരി – മാസ പ്രവർത്തനങ്ങൾ

## റിപ്പബ്ലിക് ദിനാഘോഷം

**ലക്ഷ്യം :-**

> ഇന്ത്യ ഒരു പരമാധികാര രാഷ്ട്രമായതിന്റെ ഓർമ പുതുക്കുന്നതിന്

> അതിനുവേണ്ടി പ്രയത്നിച്ച വ്യക്തിത്വങ്ങളെ അനുസ്മരിക്കുക

> ഭരണഘടനയുടെ രൂപീകരണവും അതിലുള്ള ഘടകങ്ങളും മനസിലാക്കുക.

**പ്രവർത്തനങ്ങൾ**

> റിപ്പബ്ലിക് ദിന സന്ദേശം

> ചിത്രരചനാ മത്സരം

ചുമതല : ടീച്ചേഴ്സ്, കുട്ടികൾ

## സ്കൂൾ വാർഷികം

**ലക്ഷ്യം :-**

> സ്കൂൾ വാർഷികവും, രക്ഷാകർതൃസമ്മേളനവും, യാത്രയയപ്പും സമുചിതമായി സംഘടിപ്പിക്കുന്നതിന്

> 2025 - 26 അധ്യായനവർഷത്തിലെ കുട്ടികളുടെ പഠന- പാഠ്യേതര മികവുകൾക്കുള്ള അനുമോദനം

## പ്രവർത്തനങ്ങൾ

> രക്ഷാകർതൃ സമ്മേളനം
> പൊതുസമ്മേളനം
> കലാപരിപാടികൾ
> യാത്രയയപ്പ്
> സമ്മാനവിതരണം

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

## മാസപരീക്ഷ

ലക്ഷ്യം :-

> പഠനനിലവാരം വിലയിരുത്തുക
> ആവശ്യമായ മാറ്റങ്ങൾ പഠന- ബോധന പ്രക്രിയയിൽ സ്വീകരിക്കുക.

പ്രവർത്തനങ്ങൾ

> വിജയികൾക്ക് പ്രോത്സാഹനസമ്മാനം നൽകുന്നു.
> Remedial Teaching

ചുമതല :- ടീച്ചേഴ്സ്,

# ഫെബ്രുവരി.
# മാസ പ്രവർത്തനങ്ങൾ

## അന്തർദേശീയ മാതൃഭാഷാ ദിനാചരണം

ലക്ഷ്യം :-

> മാതൃഭാഷയോടുള്ള സ്നേഹവും കരുതലും വർദ്ധിപ്പിക്കുന്നതിന്

> മലയാളത്തിന് ഊന്നൽ നൽകികൊണ്ട് പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക.

> മാതൃഭാഷയിൽ പ്രാവീണ്യം നേടുക.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്

> പോസ്റ്റർ നിർമാണം

> കഥാരചന

ചുമതല : ടീച്ചേഴ്സ്, കുട്ടികൾ

## ലോക സ്കൗട്ട്സ് ദിനം

ലക്ഷ്യം :

> സ്കൗട്ട് & ഗൈഡിംഗ് പ്രസ്ഥാനത്തിന്റെ പ്രസക്തി മനസിലാക്കുന്നതിന്

> അച്ചടക്കത്തിന്റെയും കൃത്യനിഷ്ഠയുടെയും പ്രാധാന്യം തിരിച്ചറിയുന്നതിന്

## പ്രവർത്തനങ്ങൾ

- സന്ദേശം
- സ്കൗട്ട് പ്രസ്ഥാനം - പരിചയപ്പെടുത്തൽ

ചുമതല :- ടീച്ചേഴ്സ്

## ദേശീയ ശാസ്ത്ര ദിനം

ലക്ഷ്യം :-

- കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- കുട്ടികളിൽ ശാസ്ത്രീയാവബോധം വളർത്തുക.
- കുട്ടികളെ ക്രിയാത്മകമായി ചിന്തിക്കുവാൻ പ്രേരിപ്പിക്കു

പ്രവർത്തനങ്ങൾ

- പരീക്ഷണങ്ങൾ പരിചയപ്പെടുത്തുന്നു
- പുതിയ കണ്ടുപിടുത്തങ്ങൾ പരിചയപ്പെടുന്നു.
- സംശയനിവാരണം നടത്തുന്നു

ചുമതല :- ടീച്ചേഴ്സ് , കുട്ടികൾ

## മാസപരീക്ഷ

ലക്ഷ്യം :-

- പഠനിലവാരം വിലയിരുത്തുക.
- ആവശ്യമായ മാറ്റങ്ങൾ പഠനപ്രക്രിയയിൽ വരുത്തുക.

പ്രവർത്തനങ്ങൾ

- വിജയികൾക്ക് പ്രോത്സാഹനം
- Individualised Instruction

ചുമതല : ടീച്ചേഴ്സ്

# മാർച്ച്.
# മാസ പ്രവർത്തനങ്ങൾ

## വനിതാദിനം

### ലക്ഷ്യങ്ങൾ

> സമൂഹത്തിൽ വനിതകൾക്ക് തുല്യനീതി ഉറപ്പാക്കുന്നതിന്റെ പ്രസക്തി മനസിലാക്കുന്നതിന്.

> സംസ്ഥാനതലത്തിലും ദേശീയതലത്തിലും സംഭാവനകൾ നൽകിയ വനിതാരത്നങ്ങളെ അനുസ്മരിക്കുന്നതിന്.

### പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്

> പ്ലക്കാർഡ് നിർമാണം.

ചുമതല :- ടീച്ചേഴ്സ്

## ജലദിനം

### ലക്ഷ്യങ്ങൾ

> ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കുന്നു.

> ജലമലിനീകരണം തടയുന്നതിന്റെ പ്രസക്തി തിരിച്ചറിയുന്നു.

### പ്രവർത്തനങ്ങൾ

> ബോധവൽക്കരണം - ജലസംരക്ഷണം

> ജലമലിനീകരണം - പോസ്റ്റർ നിർമാണം

> ചിത്രരചന

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

## വാർഷികപരീക്ഷ

ലക്ഷ്യങ്ങൾ :-

> പഠനനിലവാരം വിലയിരുത്തുന്നു

പ്രവർത്തനങ്ങൾ

> പഠനനിലവാരം വിലയിരുത്തി അടുത്ത അധ്യായന വർഷത്തിൽ സ്വീകരിക്കേണ്ട മാറ്റങ്ങൾ കണ്ടെത്തുന്നു.

> Remedial Teaching

> പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പിന്തുണ നൽകുകയും, സേ പരീക്ഷ പ്ലാൻ ചെയ്യുകയും ചെയ്യുന്നു.

ചുമതല :- ടീച്ചേഴ്സ്

## പഠനോത്സവം

ലക്ഷ്യങ്ങൾ :-

> 2025 - 26 അധ്യായന വർഷത്തെ പഠനമികവുകൾ പ്രദർശിപ്പിക്കുന്നതിന്.

> കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന്.

> ഒരു അധ്യായനവർഷത്തെ പഠനനേട്ടങ്ങളെ മാതാപിതാക്കളും അധ്യാപകരും വിലയിരുത്തുന്നതിന്

> കുട്ടികളെ ക്രിയാത്മകമായി ചിന്തിപ്പിക്കുന്നതിന്.

## പ്രവർത്തനങ്ങൾ

> വിഷയാടിസ്ഥാനത്തിൽ പഠനനേട്ടങ്ങളുടെ പ്രദർശനം

> ക്ലാസ് അടിസ്ഥാനത്തിൽ പഠനനേട്ടങ്ങളുടെ പ്രദർശനം

> കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ സംശയനിവാരണം നടത്തുന്നു.

> നേടിയ അറിവുകളെ പ്രായോഗിക തലത്തിൽ പ്രയോഗിക്കുന്ന പ്രവർത്തനങ്ങൾ.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ, മാതാപിതാക്കൾ.